**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3198** **01-03-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ പാചകത്തൊഴിലാളികൾക്ക് നിലവിൽ അറുന്നൂറ് രൂപ മാത്രമാണ് പ്രതിമാസ വേതനം ലഭിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാന സ്കൂൾ പാചകത്തൊഴി ലാളികൾക്ക് പ്രതിദിനം 600 രൂപ മുതൽ 675 രൂപ വരെയാണ് നിലവിൽ ഓണറേറിയമായി നൽകുന്നത്. 150 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ പാചകത്തൊഴിലാളികളുടെ പ്രതിദിന ഓണറേറിയം 600/- രൂപയാണ്. 151 മുതൽ 500 വരെ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ പാചകത്തൊഴിലാളിയുടെ കുറഞ്ഞ പ്രതിദിന ഓണറേറിയം 600/- രൂപക്ക് പുറമെ 150-ൽ കൂടുതലുള്ള ഓരോ കുട്ടിയ്ക്കും 25 പൈസ എന്ന തോതിൽ കണക്കാക്കി പരമാവധി പ്രതിദിന ഓണറേറിയം 675/- രൂപയായും നിജപ്പെടുത്തിയിരിക്കുന്നു. 500 ന് മുകളിൽ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ രണ്ട് പാചകത്തൊഴി ലാളികളെ നിയമിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പാചകത്തൊഴിലാളികൾക്ക് 2016-ൽ മിനിമം കൂലി നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (ബി) | 08/08/2016-ലെ സർക്കാർ ഉത്തരവ്(പി)നം.136/2016/തൊഴിൽ പ്രകാരം സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. എന്നാൽ 1948 ലെ മിനിമം വേതന നിയമത്തിലെ 26 (2) അല്ലെങ്കിൽ 26 (2A) എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകളുടേയും നിബന്ധനകളുടേയും അടിസ്ഥാനത്തിൽ 08.08.2016 ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (സി) | സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം | (സി) | പരിഗണനയിലില്ല . |

| | | | |
|---|---|---|---|
| | വർദ്ധിപ്പിക്കാൻ നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | പ്രസ്തുത പാചകത്തൊഴിലാളികൾ അവധിയെടുക്കുന്ന ദിവസങ്ങളിൽ പാചക സഹായികളുടെ ഉത്തരവാദിത്തം സർക്കാരോ സ്കൂളുകളോ ഏറ്റെടുക്കാത്തതിനാൽ അവർക്കുള്ള പ്രതിഫലം പാചകത്തൊഴിലാളികൾ സ്വന്തം നിലയിൽ നൽകേണ്ട അവസ്ഥ നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ